(ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട ജൈവ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പ്രോഗ്രാമുകൾക്ക് ഗ്രാമീണ മേഖലയിലെ കർഷകർക്കും മറ്റ് തൊഴിൽരഹിതർക്കും സ്വയംതൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നവർക്കും പരിശീലനം നൽകുകയും അവരെ സ്വയംപര്യാപ്തരാക്കുകയുമാണ് CARC-യുടെ പരമമായ ലക്ഷ്യം. ജൈവ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷി സംബന്ധിയായ കാര്യങ്ങളുടെയെല്ലാം പ്രോത്സാഹനവും പ്രചരണവും CARC-ന്റെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങളാണ്. കൃഷി അനുബന്ധമായി വരുന്ന കാര്യങ്ങളായ ജൈവ കീടനാശിനി, ജൈവവളം തുടങ്ങിയവയും CARC-കളുടെ പരിധിയിൽപ്പെടുന്നു. ഗ്രാമീണ കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളുടെയെല്ലാം സഹകരണവും ഏകോപന പ്രവർത്തനങ്ങളും CARC ലക്ഷ്യമിടുന്നു.

മിഷൻ 676-കാഴ്ച വൈകല്യമുള്ളവരുടെ ശാക്തീകരണ പദ്ധതികൾ

60 (1924) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ശാസ്ത്ര സാങ്കേതിക വകുപ്പ് വഴി നടപ്പാക്കുന്ന കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദ്യഘട്ടമെന്ന നിലയിൽ അന്ധർക്കുവേണ്ടിയുള്ള കമ്പ്യൂട്ടർ പരിശീലനം, അവർക്കുവേണ്ടിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അസിസ്റ്റീവ് ടെക്നോളജിയെ കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസിന്റെ ദേശീയതലത്തിലുള്ള ഒരു ഉപദേശക സമിതി 30-4-2014-ൽ ചേർന്ന് സെന്ററിന്റെ പ്രവർത്തനത്തിനുവേണ്ടി രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് എന്ന പേരിൽ ഒരു സെന്റർ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആസ്ഥാനത്ത് രൂപീകരിക്കുകയും അതിനൊരു കോ-ഓർഡിനേറ്ററെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സെന്ററിന്റെ നടത്തിപ്പിനായി ദേശീയതലത്തിലുള്ള ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

സി-സ്റ്റഡ് (സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്റർപ്രണേഴ്സ് ഡെവലപ്മെന്റ്) നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

61 (1925) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംരംഭകത്വ വികസനത്തിന് ബഡ്ജറ്റ് തുകയുടെ ഒരു ശതമാനം (500 കോടി രൂപയിലേറെ) തുക ചെലവഴിക്കാമെന്ന സർക്കാർ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രഖ്യാപനം നിലനിൽക്കുമ്പോൾത്തന്നെ ശാസ്ത്ര/ സംരംഭകത്വ പരിശീലന രംഗത്ത് വൻനേട്ടങ്ങൾ കൈവരിച്ച കേരളത്തിലെ ആദ്യസ്ഥാപനമായ "സി-സ്റ്റഡ്" (സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി എന്റർപ്രണേഴ്സ് ഡെവലപ്മെന്റ്) നിലവിൽ തകർച്ചയിലേക്ക് പതിക്കുകയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രസ്തുത സ്ഥാപനം എത്ര രൂപവരെ ലാഭമുണ്ടാക്കിയെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ ഈ സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി വ്യക്തമാക്കാമോ ;

(ഇ) ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിലവിൽ കുടിശ്ശികയായിട്ടുണ്ടോ ; ഇവർക്ക് ശമ്പളം നൽകുന്നതിനുള്ള തുക വരുമാനമായി കണ്ടെത്തുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(എഫ്) ഇക്കാര്യങ്ങൾ പരിശോധിച്ച് സ്ഥാപനത്തെ തകർച്ചയിൽനിന്നും കരകയറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly